ബാലുശ്ശേരിയിലെ ക്ഷീരസംസ്കരണ പോഷകാഹാര കേന്ദ്രം-തസ്തികകൾ സംബന്ധിച്ച്

28 (1426) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരിയിലെ ക്ഷീരസംസ്കരണ പോഷകാഹാര കേന്ദ്രം 1982-ൽ ആരംഭിച്ചപ്പോൾ ഏതെല്ലാം ശമ്പള സ്കെയിലിലുള്ള ഏതെല്ലാം തസ്തികകളാണ് അനുവദിച്ചിരുന്നത് ;

(ബി) ഇപ്പോൾ പ്രസ്തുത സ്ഥാപനത്തിൽ ഏതെല്ലാം ശമ്പള സ്കെയിലിലുള്ള ഏതെല്ലാം തസ്തികകൾ എത്ര എണ്ണം വീതം നിലവിലുണ്ട് ;

(സി) ജില്ലാതല അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർക്ക് (ADC ജനറൽ) അനുവദിക്കപ്പെട്ടിട്ടുള്ള ശമ്പള സ്കെയിൽ എത്രയാണ് ;

(ഡി) പ്രസ്തുത സ്ഥാപനത്തിന്റെ 2013-14 സാമ്പത്തിക വർഷത്തെ വാർഷിക ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ഇ) എഫ്.പി.എൻ.സി., ബാലുശ്ശേരി കുടുംബശ്രീ/പഞ്ചായത്തിന് കൈമാറുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ ?

ഉത്തരം

(എ) 28-4-1982-ലെ സ.ഉ. (എംഎസ്.) 51/82 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ബാലുശ്ശേരി എഫ്.പി.എൻ.സി. യൂണിറ്റിൽ അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണം ചുവടെ ചേർക്കുന്നു :

തസ്തിക	എണ്ണം	ശമ്പള സ്കെയിൽ
ഡയറക്ടർ	1	700-1270
ടെക്നിക്കൽ അസിസ്റ്റന്റ്	2	390-685
ക്ലാർക്ക്-ടൈപ്പിസ്റ്റ്	1	330-515
ലാബ് അസിസ്റ്റന്റ്	2	300-450
ഡ്രൈവർ	1	310-490
നൈറ്റ് വാച്ച്മാൻ	2	280-400

LIBRARY ARCHIVES Kerala Legislative Assembly

(ബി)

തസ്തിക	എണ്ണം	ശമ്പള സ്കെയിൽ
ഡയറക്ടർ (ഡെപ്യൂട്ടി ഡവലപ്മെന്റ് കമ്മീഷണർ)	1	36140-49740
ടെക്നിക്കൽ അസിസ്റ്റന്റ്	2	13210-22360
ക്ലാർക്ക്-ടൈപ്പിസ്റ്റ്	1	9940-16580
ലാബ് അസിസ്റ്റന്റ്	2	8730-13540
നൈറ്റ് വാച്ച്മാൻ	2	8500-13210
പാർട്ട്ടൈം സ്വീപ്പർ	1	5400 +ഡി.എ.

(സി) ജില്ലാതല അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറുടെ ശമ്പള സ്കെയിൽ 22360-37940 ആണ്.

(ഡി) എഫ്.പി.എൻ.സി. ബാലുശ്ശേരി യൂണിറ്റിന്റെ 2013-14-ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് ചുവടെ ചേർക്കുന്നു :

വരവ് (നോൺ ടാക്സ് റവന്യൂ)		ചെലവ്	
ശീർഷകം: 05115-102-95		ശീർഷകം: 2515-00-102-80	
ഇനം	തുക	ഇനം	തുക
	41786	01 ശമ്പളം	1440649
യൂസർ ഫീ / പ്രോസസിംഗ് ഫീ		02 വേതനം	386522
		04 യാത്രപ്പടി	10472
		05 വൈദ്യുതി ചാർജ്ജ്	15265
		05 ടെലിഫോൺ ചാർജ്ജ്	6366
		05 മറ്റിനങ്ങൾ	6000
		06 ആർ ആർ റ്റി	1966
യൂസർ ഫീ / പ്രോസസിംഗ് ഫീ		09 മെഷിനറി & എക്യുപ്മെന്റ്	16945
		24 അദർ ചാർജ്ജസ്	39935
ആകെ	41786		1924120

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എഫ്.പി.എൻ.സി. യൂണിറ്റ് കുടുംബശ്രീയ്ക്ക് കൈമാറുന്നത് സംബന്ധിച്ച നടപടികൾ ആരംഭഘട്ടത്തിലാണ്. 25-11-2013, 26-12-2013 എന്നീ തീയതികളിലെ ഗവൺമെന്റ് സെക്രട്ടറിതല പ്ലാൻ റിവ്യൂ മീറ്റിംഗിലെ നിർദ്ദേശാനുസരണം ടി സ്ഥാപനത്തിന്റെ ആസ്തി-ബാധ്യതാ വിവരങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ഗ്രാമവികസന കമ്മീഷണർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ എപ്രകാരം പ്രസ്തുത യൂണിറ്റ് കുടുംബശ്രീ മിഷന് കൈമാറാൻ സാധിക്കുമെന്നതിനെ സംബന്ധിച്ച വിവരങ്ങൾ കൂടി ലഭ്യമാക്കാൻ ഗ്രാമവികസന കമ്മീഷണർക്കും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭിച്ചതിനുശേഷമേ ഇക്കാര്യത്തിൽ അന്തിമ നടപടി സ്വീകരിക്കുവാൻ കഴികയുള്ളൂ.

ബി.ഡി.ഒ./ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിയമനം

29 (1427) <u>ശ്രീ. വി. ശിവൻകുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ സംയോജിത സീനിയോറിറ്റി ലിസ്റ്റിൽനിന്നും ഏറ്റവും ഒടുവിലായി ബി.ഡി.ഒ./ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായി നിയമനം ലഭിച്ചത് ആർക്കാണെന്നും സീനിയോറിറ്റി ലിസ്റ്റിലെ ടിയാളുടെ സീനിയോറിറ്റി നമ്പറും വ്യക്തമാക്കുമോ ;

(ബി) മേൽപ്പറഞ്ഞ സീനിയോറിറ്റി ലിസ്റ്റിൽനിന്നും 2016 ഏപ്രിൽ 30 വരെ എത്രപേർക്ക് ബി.ഡി.ഒ./ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായി നിയമനം ലഭിച്ചേക്കുമെന്നും, അവരിൽ ഏറ്റവും ഒടുവിലായി ഈ നിയമനം ലഭിച്ചേക്കാവുന്നയാളുടെ സീനിയോറിറ്റി നമ്പരും പേരും ഉൾപ്പെടെയുള്ള വിവരങ്ങളും ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രീ. ശാന്താറാം. സീനിയോറിറ്റി നമ്പർ - 474

(ബി) 72 പേർക്ക് ലഭിക്കാൻ സാധ്യതയുണ്ട്. എങ്കിൽ 2016 ഏപ്രിൽ 30 വരെ ഏറ്റവും ഒടുവിലായി നിയമനം ലഭിച്ചേക്കാവുന്നയാൾ ശ്രീമതി രമാദേവി. പി. ആർ., സീനിയോറിറ്റി നമ്പർ - 694 ആയേക്കാം.

LIBRARY ARCHIVES Kerala Legislative Assembly